# ഐ എസ്എം സംസ്ഥാന സമിതി
# ആദർശപാഠശാല മൊഡ്യൂൾ –2

## അധ്യാപകർക്കുള്ള നിർദേശം

**താഴെയുള്ള മാറ്റർ പൂർണമായോ ഭാഗികമായോ സമയത്തിനനുസരിച്ച് വിശദീകരിക്കുക. പ്രധാന ഖുർ ആൻ വചനം പഠിതാക്കൾക്ക് ആവർത്തിച്ച് ചൊല്ലി പഠിക്കാൻ അവസരം നൽകുക. ആയത്തുകൾ ഖുർആനിൽ നിന്ന് കണ്ടെത്തുക.**

തൗഹീദ് എന്ന പദത്തിന് ഒന്നാക്കുക, ഏകീകരിക്കുക എന്നെല്ലാമാണ് അർഥം. ആരാധനകളെല്ലാം ഏകനായ അല്ലാഹുവിലേക്ക് മാത്രം ഏകീകരിക്കുക എന്നതാണ് അതുകൊണ്ടുള്ള വിവക്ഷ. ദൈവിക മതങ്ങളുടെയെല്ലാം അടിസ്ഥാന തത്വം അതാണെന്നാണ് വിശുദ്ധ ഖുർആൻ നമ്മെ പഠിപ്പിക്കുന്നത്.

“ഞാനല്ലാതെ, യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ മാത്രം നിങ്ങൾ ആരാധിക്കുവീൻ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്കു മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല.” (വി.ഖു. 21:25)

“അല്ലാഹുവിനെ ആരാധിക്കുകയും മറ്റു ആരാധ്യരെ നിങ്ങൾ കൈവെടിയുകയും ചെയ്യുവീൻ എന്ന സന്ദേശവുമായി എല്ലാ സമുദായത്തിലും നാം ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്.” (വി.ഖു 16:36)

“നിനക്കു മുമ്പ് നമ്മുടെ ദൂതന്മാരായി നാം അയച്ചവരോട് ചോദിച്ചുനോക്കുക. പരമകാരുണികന് പുറമെ ആരാധിക്കപ്പെടേണ്ട വല്ല ദൈവങ്ങളെയും നിശ്ചയിച്ചിട്ടുണ്ടോ എന്ന്.” (വി.ഖു 43:45)

ഇവിടെ പൂർവിക പ്രവാചകന്മാരോട് ചോദിക്കുക എന്നത് അക്ഷരാർഥത്തിൽ സാധിക്കാത്തതിനാൽ ആലങ്കാരികമാണെന്ന് മനസ്സിലാക്കാം. പൂർവ പ്രവാചകന്മാരിൽ വിശ്വസിക്കുന്ന സമുദായങ്ങളോടും അവരിലെ പണ്ഡിതന്മാരോടും ചോദിക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അപ്പോൾ എല്ലാ പ്രവാചകന്മാരും അവരുടെ വേദഗ്രന്ഥങ്ങളും പഠിപ്പിച്ചത് ഏകദൈവവിശ്വാസമാണ് എന്നാണ് അവർ ഉത്തരം പറയുക. എല്ലാ പ്രവാചകന്മാരും തൗഹീദിന്റെ സന്ദേശവാഹകരായിരുന്നെന്നും ഈ സന്ദേശം എല്ലാ സമൂഹങ്ങളിലും എത്തിയിരുന്നുവെന്നും മേൽ സൂക്തങ്ങൾ വ്യക്തമാക്കിത്തരുന്നു.

### തൗഹീദിന്റെ വചനം

വിശുദ്ധ ഖുർആനിലെ മുഹമ്മദ് എന്ന സൂറത്തിൽ നബി(സ)യോട് അല്ലാഹു കല്പിക്കുന്നു:
“അതിനാൽ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലെന്ന് നീ മനസ്സിലാക്കുക.”

പ്രത്യേകം മനസ്സിലാക്കണമെന്ന് അല്ലാഹു നബി(സ)യോട് ഉണർത്തിയ കാര്യമാണ് കലിമതുത്തൗഹീദ്. അതിനാൽ അത് അറിഞ്ഞിരിക്കേണ്ടത് ഏതൊരു മനുഷ്യന്റെയും ആദ്യത്തെ ബാധ്യതയാകുന്നു. അറിഞ്ഞാൽ മാത്രം പോര, പ്രഖ്യാപനത്തിലൂടെ സാക്ഷ്യപ്പെടുത്തുകയും കർമങ്ങളിലൂടെ പ്രാവർത്തികമാക്കുകയും വേണം.

“താനല്ലാതെ ഒരു ദൈവവുമില്ലെന്നതിന് അല്ലാഹു സാക്ഷ്യം വഹിച്ചിരിക്കുന്നു. മലക്കുകളും അറിവുള്ളവരും (അതിന്ന് സാക്ഷികളാകുന്നു). അവൻ നീതിനിർവഹിക്കുന്നവനത്രെ. അവനല്ലാതെ ദൈവമില്ല. പ്രതാപിയും യുക്തിമാനുമത്രെ അവൻ.” (വി.ഖു 3:18)

അല്ലാഹു തന്നെ മറ്റൊരു ദൈവവുമില്ല എന്നതിന് സാക്ഷിയാണ്. അല്ലാഹുവെപ്പറ്റി മനസ്സിലാക്കിയ അവന്റെ ഏറ്റവും അടുത്ത സൃഷ്ടികളായ മലക്കുകളും അതിന് സാക്ഷികളാണ്. ശരിയായ വിധത്തിൽ അല്ലാഹുവിനെ മനസ്സിലാക്കിയവരും നീതിപൂർവം നിലകൊള്ളുന്നവരുമാണെങ്കിൽ അവരെല്ലാം ആ സത്യത്തിന്റെ സാക്ഷികളാകാതിരിക്കാൻ സാധിക്കുകയില്ല. ഏകദൈവവിശ്വാസം മനുഷ്യന്റെ പ്രകൃതിയിൽ തന്നെ രൂഢമൂലമായിട്ടുണ്ട്. വക്രതയില്ലാത്ത ഏതൊരു മനുഷ്യനും തന്നെയും ഈ പ്രപഞ്ചത്തെയും സൃഷ്ടിച്ച ഒരു നാഥനുണ്ടെന്ന് സമ്മതിക്കും. വനാന്തരങ്ങളിൽ താമസിക്കുന്ന ഒരു കാട്ടാളനും ഇതിൽ നിന്നും മുക്തമല്ല. മനുഷ്യൻ സംസാരിച്ച ഏത് ഭാഷയിലും ആ ദൈവത്തിന്റെ നാമങ്ങളും കീർത്തനങ്ങളും ഉണ്ട്. ആ മനുഷ്യർക്കെല്ലാം ദൈവത്തെക്കുറിച്ച് അറിയാമായിരുന്നു എന്നാണല്ലോ അതിൽ നിന്നും മനസ്സിലാകുന്നത്. പ്രപഞ്ച സ്രഷ്ടാവായ ദൈവം ഏകനാണെന്ന തിരിച്ചറിവ് മനുഷ്യന് ജന്മസിദ്ധമായി ലഭിച്ചിട്ടുണ്ടെന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്.

“നിന്റെ രക്ഷിതാവ് ആദം സന്തതികളിൽ നിന്ന് അവരുടെ മുതുകുകളിൽ നിന്ന് അവരുടെ സന്താനങ്ങളെ പുറത്തു കൊണ്ടുവരികയും അവരുടെ കാര്യത്തിൽ അവരെ തന്നെ അവൻ സാക്ഷിനിർത്തുകയും ചെയ്ത സന്ദർഭവും (ഓർക്കുക). (അവൻ ചോദിച്ചു:) ഞാൻ നിങ്ങളുടെ രക്ഷിതാവല്ലെയോ? അവർ പറഞ്ഞു: അതെ, ഞങ്ങൾ സാക്ഷ്യംവഹിച്ചിരിക്കുന്നു.” (വി.ഖു 7:172)

ജന്മസിദ്ധമായി മനുഷ്യരിൽ അന്തർലീനമായിക്കിടക്കുന്ന സത്യസാക്ഷ്യത്തെ സംബന്ധിച്ചാണ് ഈ സൂക്തത്തിലെ സൂചന. അതുകൊണ്ടുതന്നെ ദൈവനിഷേധത്തിനും ബഹുദൈവാരാധനക്കും ദൈവസന്നിധിയിൽ മാപ്പുണ്ടാവില്ല. ഒരു മനുഷ്യനും അതിൽ നിന്ന് ഒഴിവാകുകയില്ല. മേൽ സൂക്തത്തിൽ പ്രസ്തുത പരാമർശത്തിന് ശേഷം അല്ലാഹു പറയുന്നു:

“തീർച്ചയായും ഞങ്ങൾ ഇതിനെപ്പറ്റി ശ്രദ്ധയില്ലാത്തവരായിരുന്നു എന്ന് ഉയിർത്തെഴുന്നേല്പിന്റെ നാളിൽ നിങ്ങൾ പറഞ്ഞേക്കും എന്നതിനാലാണ് (അങ്ങനെ ചെയ്തത്).”

“അല്ലെങ്കിൽ മുമ്പ് തന്നെ ഞങ്ങളുടെ പൂർവ പിതാക്കൾ അല്ലാഹുവോട് പങ്കുചേർത്തിരുന്നു. ഞങ്ങൾ അവർക്കു ശേഷം സന്തതി പരമ്പരകളായി വന്നവർ മാത്രമാണ്. എന്നിരിക്കെ ആ അസത്യവാദികൾ പ്രവർത്തിച്ചതിന്റെ പേരിൽ നീ ഞങ്ങളെ നശിപ്പിക്കുകയാണോ എന്ന് നിങ്ങൾ പറയാനാതിരിക്കാനാണ് അങ്ങനെ ചെയ്തത്.” (വി.ഖു 7:173)

ഏകദൈവ വിശ്വാസം മനുഷ്യന്ന് പ്രകൃതിദത്തമായി ലഭിച്ചതാണ്. ദൈവനിഷേധത്തിനും ബഹുദൈവാരാധനക്കും ദൈവത്തിന്റെ മുമ്പിൽ മനുഷ്യന് യാതൊരു ന്യായവും പറയാനില്ല. ഞങ്ങൾക്കറിവില്ലായിരുന്നു എന്നോ അല്ലെങ്കിൽ പാരമ്പര്യമായി ലഭിച്ച അറിവ് ഇപ്രകാരമാണെന്നോ പറയാൻ പറ്റില്ല. അതുകൊണ്ടാണ് പ്രബോധനമെത്താത്ത മാതാവിനു വേണ്ടി പൊറുക്കലിനെ തേടാൻ നബി(സ) അല്ലാഹുവിനോട് അനുവാദം ചോദിച്ചപ്പോൾ അവിടുത്തേക്ക് അനുമതി നിഷേധിക്കപ്പെട്ടത്.

contd... page 2

“നബി(സ) പറഞ്ഞു: ഞാൻ എന്റെ മാതാവിന് വേണ്ടി പൊറുക്കലിനെ തേടാൻ വേണ്ടി എന്റെ റബ്ബിനോട് അനുവാദം ചോദിച്ചു. അപ്പോൾ അവൻ എനിക്ക് അനുവാദം തന്നില്ല.” (മുസ്‌ലിം)

മാതാവ് ബഹുദൈവാരാധകയായതു കൊണ്ടാണ് അവർക്കു വേണ്ടി പ്രാർഥിക്കാൻ നബി(സ)ക്ക് അനുവാദം ലഭിക്കാതിരുന്നത്. അവരാണെങ്കിൽ പ്രബോധനം നല്കപ്പെടാതെ മരിച്ചുപോയവരായിരുന്നു. നബി(സ)ക്ക് പ്രായപൂർത്തിയെത്തുന്നതിന് മുമ്പ് മാതാവ് മരണപ്പെട്ടുപോയിട്ടുണ്ട്. നബിയുടെ മാതാവിന് പോലും ഈ കാര്യത്തിൽ ഒരു ഒഴികഴിവുമില്ല എന്നു സാരം. ഏകദൈവവിശ്വാസം പ്രകൃതിദത്തമായി ലഭിക്കുന്നുണ്ടെന്നതാണ് ഇതിനു കാരണം.

അല്ലാഹുവിനെ അറിയുക എന്നതാണ് മനുഷ്യന്റെ ഒന്നാമത്തെ കർത്തവ്യം. അറിവ് നേടുവാൻ അല്ലാഹു നല്കിയ കഴിവ് മനുഷ്യൻ ശരിയായി ഉപയോഗിച്ചാൽ ദൈവത്തിലെത്തിച്ചേരും. അറിവില്ലാത്ത കാര്യം ഒരിക്കലും മനുഷ്യൻ പിന്തുടർന്നുകൂടാ. വിശുദ്ധ ഖുർആൻ പറയുന്നു:
“നിനക്കറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്.” (വി.ഖു. 17:36)

അറിയാത്ത കാര്യങ്ങളിൽ ആരെയും അനുകരിക്കരുതെന്നും അറിയുന്നതിന് വേണ്ടി കേൾവിയും കാഴ്ചയും ബുദ്ധിയും അല്ലാഹു നല്കിയിട്ടുണ്ട് എന്നുമാണ് ഈ സൂക്തം സൂചിപ്പിക്കുന്നത്. പഞ്ചേന്ദ്രിയങ്ങളും ബുദ്ധിയുമാണ് അറിവ് സമ്പാദിക്കാനുള്ള രണ്ട് മാർഗങ്ങൾ. പ്രപഞ്ചദൃഷ്ടാന്തങ്ങളെപ്പറ്റി ചിന്തിക്കുന്ന ഏതൊരാൾക്കും വ്യവസ്ഥാപിതമായി നിലകൊള്ളുന്ന ഈ പ്രപഞ്ചത്തിന് സർവജ്ഞനും സർവശക്തനുമായ ഒരു നാഥനുണ്ടെന്ന് മനസ്സിലാക്കാവുന്നതാണ്. കേവലം ശൂന്യതയിൽ നിന്ന് സൂക്ഷ്മമായ വ്യവസ്ഥയോടുകൂടി ഈ പ്രപഞ്ചം യാദൃച്ഛികമായി ഉത്ഭൂതമാവുകയില്ല. മുമ്പ് ഒരു ഭൗതികവാദിയായിരുന്ന ജുബൈറുബ്നു മുത്ഇമ് ബദ്ർ യുദ്ധത്തിൽ ബന്ധനസ്ഥനാക്കപ്പെട്ടവരെ പ്രായശ്ചിത്തം നല്കി മോചിപ്പിക്കാൻ നബി(സ)യെ സമീപിക്കുകയുണ്ടായി. ആ സന്ദർഭത്തിൽ നബി(സ) മഗ്‌രിബ് നമസ്കരിച്ചപ്പോൾ സൂറതുത്ത്വൂർ ആണ് ഓതിയത്. ജുബൈറിന് അത് കേൾക്കാൻ അവസരം ലഭിച്ചു. താൻ ഇസ്‌ലാമിലേക്ക് ആകർഷിക്കാൻ കാരണമായ ആ സംഭവം ജുബൈർ(റ) ഇങ്ങനെ വിവരിക്കുന്നു:
“യാതൊരു വസ്തുവും കൂടാതെയാണോ അവർ സൃഷ്ടിക്കപ്പെട്ടത്? അതോ അവർ തന്നെയാണോ സ്രഷ്ടാക്കൾ? അതോ അവരാണോ ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചിരിക്കുന്നത്? പക്ഷെ, അവർ ദൃഢമായി വിശ്വസിക്കുന്നില്ല. അതോ അവരുടെ പക്കലാണോ നിന്റെ നാഥന്റെ ഖജനാവുകൾ? അതോ അവർ തന്നെയാണോ അധികാരം നടത്തുന്നവർ?” ഇത് ഓതുന്നത് കേട്ടപ്പോൾ എന്റെ ഹൃദയം പാറിപ്പോകാറായി.

ഒരു അപരിഷ്കൃത അറബിയുടെ ഒരു സംഭാഷണം ഇമാം റാസി ഇങ്ങനെ ഉദ്ധരിക്കുന്നു: അയാൾ നഗരത്തിലിറങ്ങി സംസാരമധ്യേ അത്ഭുതം കൂറി സുബ്ഹാനല്ലാ എന്ന് പറഞ്ഞു. അപ്പോൾ അല്ലാഹുവിനെപ്പറ്റിയുള്ള വിവരം നിനക്കെങ്ങനെ ലഭിച്ചുവെന്ന് മറ്റൊരാൾ അയാളോട് ചോദിച്ചു. വീണ്ടും അത്ഭുതത്തോടെ നാടൻ ശൈലിയിൽ അയാൾ പറഞ്ഞു: “ഒട്ടക കാഷ്ടം ഒട്ടകത്തെ അറിയിക്കുന്നു. കഴുത കാഷ്ടം കഴുതയെയും കാല്പ്പാടുകൾ അതിന്റെ സഞ്ചാരിയെയും അറിയിക്കുന്നു. അപ്പോൾ ഭ്രമണപഥങ്ങളുള്ള ആകാശവും മലമ്പാതകളുള്ള ഭൂമിയും തിരമാലകളുള്ള സമുദ്രവും സർവശക്തനും സർവജ്ഞനും സഹനശീലനുമായ ഒരു സ്രഷ്ടാവിനെപ്പറ്റി അറിയിക്കുന്നില്ലയോ?”

പ്രപഞ്ചത്തിനൊരു സ്രഷ്ടാവുണ്ടെന്നും അവൻ ഏകനാണെന്നും മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങൾ കൊണ്ടും ബുദ്ധി കൊണ്ടും മനസ്സിലാക്കാൻ കഴിയുന്നു എന്നാണ് ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നത്. അത് മനുഷ്യന്റെ സഹജബോധം കൂടിയാണ്. ഇങ്ങനെ സ്രഷ്ടാവിന്റെ ഏകത്വത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനാണ് പില്ക്കാലത്ത് തൗഹീദുർറുബൂബിയ്യ എന്ന് പറഞ്ഞുവന്നത്. ●